Mr. M. Sivarama Menon *(Advocate-General):* I second it.

Motion put and carried

(ii) The Cochin Industrial Employment (Standing Orders) Bill

Mr. P. Govinda Menon *(Minister for Food and Education):* I move that the Cochin Industrial Employment (Standing Orders) Bill be taken and finally passed.

Mr. M. Sivarama Menon *(Advocate-General):* I second it.

Motion put and carried

(iii) The Cochin Public Canals and Backwaters Navigation Act (Amendment) Bill

Mr. M. Sivarama Menon *(Advocate-General):* I move that the Cochin Public Canals and Backwaters Navigation Act (Amendment) Bill be taken up and finally passed.

Rao Sahib P. V. Raphael *(Chief Secretary to Government):* I second it.

Motion put and carried

Mr. President: I had intended after "Questions and Answers" to say that, as the Government business put down for this session is now practically complete, I propose to take non-official legislative business tomorrow. But I should like to add that it may be necessary to take a portion of one of the three non-official days for a few more Supplementary Demands for grants of which notice has just come in.

At this stage, the Panel Chairman Mrs. T. Francis took the Chair (at 12-35 p.m.)

3. RESOLUTIONS

(i) Introduction of Prohibition

മിസ്റ്റർ ജോസ് കെ. വട്ടിസ്: സർ, "ഉടനെ മദ്യപാനനിരോധനം കൊച്ചിരാജ്യം മുഴവനും നടപ്പിൽ വരുത്തുവാൻ ഈ സഭ ഗവമ്മെണ്ടിനോട് ശുപാർശ ചെയ്യുന്നു."

നാഷണലിസ്റ്റ് പാർട്ടി അവരുടെ തിരുവനന്തപുരത്തുവെച്ചുള്ള ഒരു യോഗത്തിൽവെച്ച് രണ്ടുമാസം മുമ്പെ കൊച്ചിയിൽ ഉടനടി പരിപൂർണ്ണ മദ്യവർജ്ജനവും ലഹരിപദാർത്ഥങ്ങളുടെ വില്പന നിരോധനവും ഏർപ്പെടുത്തണമെന്ന നിശ്ചയം പാസ്സാക്കിയിരുന്നു. എക്സൈസ് വകുപ്പു മന്ത്രിഭരണത്തിനു വിട്ടുകൊടുക്കുന്ന നിമിഷത്തിൽ ജനകീയമെന്ന അവകാശപ്പെടുന്ന ഏതു ഗവമ്മെണ്ടും അനുവർത്തിക്കേണ്ട ആദ്യത്തെ നടപടി അതാണെന്നുള്ള ബോധ്യം കൊണ്ടാണ് ഞങ്ങളുടെ പാർട്ടി ഈ നിശ്ചയം ചെയ്തത്. മദ്യനിരോധനം നടപ്പിലാക്കിയാൽ പത്തുപതു ലക്ഷം ഉറുപ്പിക മുതലെടുപ്പിൽ കുറവുവരുമെന്ന അറിയാതെയല്ല ഞങ്ങൾ ഈ നിർദ്ദേശം ചെയ്തത്. അനാവശ്യചിലവുകൾ കുറച്ചും വരുമാനം വർദ്ധിപ്പിക്കാനുള്ള നല്ല മാർഗ്ഗങ്ങൾ ബഡ്ജറ്റിലുണ്ടെങ്കിൽ ആലോചിച്ചു കണ്ടുപിടിച്ചുംകൊണ്ടാണ് ഗവമ്മെണ്ട് ഈവക കാര്യങ്ങളിൽ ജാഗ്രതയായ നടപടികൾ കൈക്കൊള്ളേണ്ടത്. മദ്യനിരോധനമേർപ്പെടുത്തണമെന്നുള്ള ഒരു ബഹുജനാവശ്യം നാഷണലിസ്റ്റ് പാർട്ടിയുടെ തീരുമാനത്തെ തുടർന്ന് ഈ രാജ്യത്തിൽ സർവ്വത്ര മുഴങ്ങി. ഈ സമ്മേളനത്തിലേക്ക പലരായി മദ്യനിരോധന പ്രമേയത്തിനുള്ള നോട്ടീസുംകൊടുത്തു. ഈ സമ്മേളനത്തിൽ മദ്യനിരോധനത്തെക്കുറിച്ചു വലിയ ഒച്ചപ്പാടുണ്ടാകുമെന്നും ഗവമ്മെണ്ടു കണ്ടു. ക ര½ ലക്ഷത്തിനേർപ്പയും പ്രാതിനിധ്യം കത്തകയെടുത്തിട്ടുള്ള ഒരു പാർട്ടിയുടെ രണ്ടു മന്ത്രിമാരും ബാക്കിയുള്ള കാൽ ലക്ഷത്തിനേർപ്പയങ്കിലും പ്രാതിനിധ്യം അനുവദിച്ചുകൊടുക്കുകയൊ അവർ അവകാശപ്പെടുകയൊ ചെയ്തിട്ടില്ലാത്ത വേറെ രണ്ടു മന്ത്രിമാരും ഉൾപ്പെട്ട ഇപ്പോഴത്തെ പങ്കുപാട്ട മന്ത്രിസഭയ്ക്കു ഈ മദ്യനിരോധനത്തെ അഭിമുഖീകരിക്കാതെ ഗത്യന്തരമില്ലെന്നായി. പരമാർത്ഥത്തിൽ ഈ പ്രാതിനിധ്യക്കാരിൽ ചിലർക്കു നീട്ടിക്കൊണ്ടുപോകേണ്ട ആവശ്യമുണ്ട്, ബാധ്യതയുണ്ട്. ക ക ഖ ഘ അവസാനംവരെയെങ്കിലും അവർക്കു നീട്ടിക്കൊണ്ടുപോകാതിരിക്കുവാൻ സാധ്യമല്ല. അങ്ങിനെയുള്ള കുടുക്കിലാണ് അവരിൽ ചിലർ പെട്ടുകിടക്കുന്നത്. അതുകൊണ്ട് ഈ ലക്ഷ്യം സാധിക്കാനും മദ്യനിരോധനമേർപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തുവെന്ന ജനങ്ങളുടെ കണ്ണിൽ പൊടിയിടാനമായിട്ടാണ് ഇപ്പോൾ ഇതിലേക്ക ഒരു കമ്മിറ്റി വെച്ചിട്ടുള്ളതെന്നു ഞാൻ വിചാരിക്കുന്നു. അനന്തമായി ഏതു കാര്യവും നീട്ടിക്കൊണ്ടുപോകുന്നതിനുള്ള ഏർപ്പാടാണ് കമ്മിറ്റിയെന്ന ആക്ഷേപിച്ചിട്ടുള്ളവരും അനുഭവപ്പെട്ടിട്ടുള്ളവരുമായ ആളുകളാണ് ഇന്നു ഒരു പങ്കുപാട്ട മന്ത്രിസഭയിൽ ഇരുന്നുകൊണ്ട് ഈ കമ്മിറ്റി നിയമന ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. പുരോഗതിയെന്നുവെച്ചാൽ മുന്നോട്ടുള്ള പോക്കു അല്ലെങ്കിൽ വളച്ചുയെന്നാണ് ഈ വശത്തുള്ളവർ ധരിച്ചുവെച്ചിരിക്കുന്നത്. എ

LIBRARY ARCHIVES Kerala Legislative Assembly